# കംബോഡിയയിൽ കുടുങ്ങിയ ഇന്ത്യക്കാരെ സംബന്ധിച്ച മാധ്യമപ്രവർത്തകരുടെ ചോദ്യങ്ങളോടുള്ള ഔദ്യോഗിക വക്താവിന്റെ പ്രതികരണം

മാർച്ച് 30, 2024

**കംബോഡിയയിൽ കുടുങ്ങിയ ഇന്ത്യക്കാരെ സംബന്ധിച്ച മാധ്യമപ്രവർത്തകരുടെ ചോദ്യങ്ങളോടുള്ള ഔദ്യോഗിക വക്താവ് ശ്രീ. രൺധീർ ജയ്സ്വാളിന്റെ പ്രതികരണം:**

"കംബോറിയയിൽ കുടുങ്ങിയ ഇന്ത്യൻ പൗരന്മാരെ സംബന്ധിച്ച മാധ്യമ റിപ്പോർട്ടുകൾ കാണുകയുണ്ടായി

കംബോഡിയയിലെ തൊഴിലവസരങ്ങളിൽ പ്രലോഭിതരായി ആ രാജ്യത്ത് എത്തുകയും, തുടർന്ന് നിയമവിരുദ്ധമായ സൈബർ ജോലികൾ ചെയ്യാൻ നിർബന്ധിതരാവുകയും ചെയ്തിട്ടുള്ള ഇന്ത്യൻ പൗരന്മാരുടെ പരാതികളോട് അവിടുത്തെ നമ്മുടെ എംബസി സമയബന്ധിതമായി പ്രതികരിക്കുന്നുണ്ട്. കംബോഡിയൻ അധികൃതരുമായി അടുത്ത ബന്ധം പുലർത്തിക്കൊണ്ട് ഏതാണ്ട് 250 ഇന്ത്യക്കാരെ ഇതിനകം രക്ഷപെടുത്തി തിരിച്ചെത്തിച്ചിട്ടുണ്ട്, അതിൽ 75 പേരെ കഴിഞ്ഞ മൂന്ന് മാസത്തിനിടയിലാണ് രക്ഷപെടുത്തിയത്.

അത്തരം സ്കാമുകളെ കുറിച്ച് നമ്മുടെ പൗരന്മാർക്ക് മന്ത്രാലയവും കംബോഡിയയിലെ ഇന്ത്യൻ എംബസിയും നിരവധി മുന്നറിയിപ്പുകൾ പുറത്തിറക്കിയിട്ടുണ്ട്.

പിന്തുണ തേടുന്ന കംബോഡിയയിലുള്ള എല്ലാ ഇന്ത്യൻ പൗരന്മാരെയും സഹായിക്കുന്നതിൽ മന്ത്രാലയം പ്രതിബദ്ധമാണ്. ഇത്തരം വഞ്ചനാപരമായ സ്കീമുകൾക്ക് ഉത്തരവാദികളായവരെ പിടികൂടുന്നതിന് കംബോഡിയൻ അധികാരികളുമായും ഏജൻസികളുമായും സഹകരിച്ച് പ്രവർത്തിച്ചുവരികയുമാണ്."

**ന്യൂഡൽഹി**
**മാർച്ച് 30, 2024**